**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 312** **23-07-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദീൻ | | Shri K. Radhakrishnan<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരുടെ വിവരം ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) | മണ്ണാർക്കാട് മണ്ഡലത്തിലെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ഭവനരഹിതരുടെ തദ്ദേശ സ്വയംഭരണ സ്ഥാപനം തിരിച്ചുള്ള വിവരം അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ഇവരെ പുനരധിവസിപ്പിക്കുന്നതിനായി ഏതെല്ലാം ഭവന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്; | (ബി) | ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വാസയോഗ്യമായ വീട് നിർമ്മിക്കുന്നതിന് നിലവിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം 4 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന ലാന്റ് ബാങ്ക് പദ്ധതിയിലൂടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയുമാണ് പട്ടികവർഗ്ഗ വിഭാഗക്കാരെ പുനരധിവസിപ്പിച്ചുവരുന്നത് . |
| (സി) | ഇതിൽ എത്രപേർക്ക് പ്രസ്തുത പദ്ധതികളുടെ പ്രയോജനം ലഭിച്ചെന്നും ഇനിയും പ്രയോജനം ലഭിക്കാത്ത എത്രപേർ ഉണ്ടെന്നുമുള്ളതിന്റെ വിവരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ